## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7855 16/07/2014-ൽ മറുപടിക്ക്

# പുതിയ ഗാർഹിക കണക്ഷൻ അടയ്ക്കേണ്ട തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) നിലവിലുള്ള വീടുകൾ പൊളിച്ചുമാറ്റി അതേ പ്ലോട്ടിൽ അതേ ഉടമ തന്നെ പുതിയ വീട് പണിയുമ്പോൾ കറന്റ് കണക്ഷൻ ലഭിക്കുവാൻ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) 2014 ഏപ്രിൽ 1 -ന് നിലവിൽ വന്ന ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 -ന്റെ വ്യവസ്ഥ 43 പ്രകാരം നിലവിലുള്ള കെട്ടിടം പൂർണ്ണമായും പൊളിച്ചുമാറ്റി പുതിയവ പണിയുമ്പോൾ, നിലവിലുള്ള ഇലക്ട്രിക് കണക്ഷൻ അഴിച്ചുമാറ്റേണ്ടതും, പ്രസ്തുത കണക്ഷനു വേണ്ടി ഉപഭോക്താവ് വൈദ്യുതി ബോർഡുമായി ഏർപ്പെട്ടിട്ടുള്ള ഉടമ്പടി അവസാനിപ്പിച്ച് അന്നു വരെയുള്ള കുടിശ്ശിക തീർത്തു നൽകേണ്ടതുമാണ്. തുടർന്ന് ഉപഭോക്താവിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കുടിശ്ശിക തീർത്ത് തുക തിരികെ നൽകേണ്ടതാണെന്നും, നിലവിലുണ്ടായിരുന്ന കണക്ഷനിൽ നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് കണക്ഷൻ നൽകരുതെന്നും പ്രസ്തുത വ്യവസ്ഥ അനുശാസിക്കുന്നു.<br><br>പുതിയ താൽക്കാലിക കണക്ഷൻ ആവശ്യമായ പക്ഷം ഉപഭോക്താവിന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നൽകാവുന്നതാണെന്നും, പണി പൂർത്തിയായ കെട്ടിടത്തിന് നിലവിലെ കുടിശ്ശിക തീർത്ത് പുതിയ കണക്ഷൻ നേടേണ്ടതാണെന്നും ടി വ്യവസ്ഥ നിഷ്കർഷിക്കുന്നു. എന്നാൽ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കളെ മേൽപ്പറഞ്ഞ ഉപാധികളിൽ നിന്നും വ്യവസ്ഥ 43 (5) പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. |
| (ബി) എന്തു തുകയാണ് കണക്ഷൻ മാറ്റി ലഭിക്കുന്നതിന് ഉപഭോക്താവ് അടയ്ക്കേണ്ടതെന്ന് വ്യക്തമാക്കുമോ; | (ബി) വൈദ്യുതി കണക്ഷന്റെ സ്വഭാവമനുസരിച്ചും, ഓരോ കണക്ഷനും ആവശ്യമായി വരുന്ന സാധന സാമഗ്രികളുടെയും അടിസ്ഥാനത്തിലുമാണ് തുക നിശ്ചയിക്കപ്പെടുന്നത്. |

(.....2)

| | | |
|---|---|---|
| (സി) | പവർ പോയിന്റുകളുടെ എണ്ണം മാറ്റാതെ പുതിയ വീടിന് വയറിംഗ് നടത്തിയാൽ തുക അടയ്ക്കുന്നതിൽ നിന്ന് ഉപഭോക്താവിനെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ന്റെ വ്യവസ്ഥ 43 -അനുസരിച്ചാണ് നിലവിലെ കെട്ടിടം പൊളിച്ച് പുതിയവ പണിയുമ്പോൾ വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങൾ നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥയിൽ പവർ പോയിന്റുകളുടെ എണ്ണവുമായി ബന്ധപ്പെട്ടുള്ള യാതൊരു പരാമർശവും ഇല്ല. നിലവിലുള്ള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014-ലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ